ജോസഫ് നമ്പിമഠം

# ലാന--ചരിത്രമുറങ്ങുന്ന വഴികൾ: 1997 മുതൽ 2011 വരെ



ലാന ഒരു സംഘടന എന്നതിലുപരി വടക്കെ അമേരിക്കയിലെ ഭാഷാസ്നേഹികളുടെയും എഴുത്തുകാരുടെയും ഒരു കൂട്ടായ്മയെന്ന മഹത്തായ ഒരു ആശയമാണ്. സാഹിത്യകാരന്മാരെ സൃഷ്ടിക്കലല്ല അതിന്റെ ദൗത്യം, അവരുടെ കഴിവുകളെ പോഷിപ്പിക്കുക എന്നതാണ്. ഭിന്നിപ്പിക്കലല്ല അതിന്റെ ലക്ഷ്യം, ഒന്നിപ്പിക്കലാണ്.

നോർത്ത് അമേരിക്കയിലെ അംബ്രല്ല സംഘടനകളുടെ വേദികളിൽ മേൽപ്പറഞ്ഞവർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന തോന്നലിൽനിന്നാണ് അവർക്ക് എന്തുകൊണ്ട് ഒരു ദേശീയവേദി ഉണ്ടായിക്കൂടാ എന്നു പലരും ചിന്തിച്ചുതുടങ്ങിയത്. ന്യൂയോർക്കിൽനിന്ന് ഫാ. സെഡ്. എം. മുഴൂരും, ഡാലസ്സിൽ നിന്ന് ജോസഫ് നമ്പിമഠവും, ഹ്യൂസ്റ്റനിൽനിന്ന് ജോൺ മാത്യുവും അന്നത്തെ മാധ്യമങ്ങളിൽ ഈ വിഷയം അവതരിപ്പിച്ച് ആശയരൂപീകരണം നടത്തി.

1996 അമേരിക്കയിലെയും കാനഡയിലെയും മലയാളഭാഷാസ്നേഹികളുടെ പ്രധാന സംഗമവേദി ഫോക്കാന സമ്മേളനങ്ങളായിരുന്നു. 1996 ജൂലൈയിൽ ഡാലസ്സിൽ നടന്ന ഫോക്കാന സമ്മേളനത്തിൽവച്ച് ഒരു സാഹിത്യസമ്മേളനം നടത്താൻ തീരുമാനിക്കപ്പെട്ടു. അതിന്റെ ചെയർപെഴ്സൺ ഡാലസ്സ് ലിറ്റററി സൊസൈറ്റിയുടെ മുൻപ്രസിഡന്റ് ഡോ. എം.എസ്.ടി നമ്പൂതിരിയും കോചെയർ അന്നത്തെ പ്രസിഡന്റ് ജോസഫ് നമ്പിമഠവും. പിന്നീട് ഹ്യൂസ്റ്റണിലെ ജോർജ്ജ് മണ്ണിക്കരോട്ടിനെക്കൂടി കോചെയറായി എടുത്തു. കേരളത്തിൽനിന്ന് ഡി. വിനയചന്ദ്രൻ, എം. മുകുന്ദൻ, പെരുമ്പടവം ശ്രീധരൻ, ശ്രീകുമാരൻ തമ്പി, സി.എൽ. ജോസ്, പുനത്തിൽ കുഞ്ഞബ്ദുള്ള എന്നിവർ ആ സമ്മേളനത്തിൽ പങ്കെടുത്തു. ഡാലസ് ലിറ്റററി സൊസൈറ്റിയുടെ പേരിൽ, ശ്രീ നമ്പിമഠത്തിന്റെ ശ്രമഫലമായി പുറത്തിറങ്ങിയ, അമേരിക്കൻ മലയാളികളുടെ ആദ്യത്തെ കവിതാസമാഹരം പ്രകാശനം ചെയ്യപ്പെട്ടു.

പല സാഹിത്യവിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിക്കപ്പെട്ടു. അമേരിക്കൻ മലയാളസാഹിത്യം മലയാള സാഹിത്യത്തെ എങ്ങനെ ബാധിക്കും, നൂറ്റമ്പതുവർഷം പിന്നിട്ട മലയാള ചെറുകഥ (നമ്പിമഠം), നാടകത്തിലേക്കുള്ള നടപ്പാത (മനു മാത്യു), കൂടാതെ അക്ഷരശ്ലോകമത്സരം, മാധ്യമസെമിനാർ, കവിതാപാരായണം, കവിതാ ചർച്ച, നോവൽ ചർച്ച എന്നിവ നടന്നു.

ഫോക്കാന സമ്മേളനത്തിന്റെ അവസാനദിവസം സാഹിത്യസമ്മേളനം വിലയിരുത്തുവാൻ ചേർന്ന യോഗത്തിൽ അമേരിക്കൻ എഴുത്തുകാരുടെ ഒരു സംഘടന രൂപീകരിക്കുക എന്ന ഒരു ആശയം ഉരുത്തിരിഞ്ഞു. അതിനോട് അനുഭാവമുള്ളവർ ഒരു മുറിയിൽ ഒത്തുകൂടി, ചെയർപേഴ്സൺ എം.എസ്.ടി. നമ്പൂതിരി, കോചെയർ നമ്പിമഠം, കോ-ഓർഡിനേറ്റേഴ്സ് ജോൺ മാത്യു മനോഹർ തോമസ് എന്ന ഒരു ആഡ്ഹോക് കമ്മിറ്റിക്ക് രൂപം നല്കി.

1997 ഫോക്കാനയിൽ രൂപീകരിച്ച ആഡ്ഹോക്ക് കമ്മറ്റിയുടെ നേതൃത്വത്തിൽ നിലവിലുണ്ടായിരുന്ന സാഹിത്യ സംഘടനകളുടെ (കേരള ലിറ്റററി സൊസൈറ്റി ഡാലസ്, കേരള റൈറ്റേഴ്സ് ഫോറം ഹ്യൂസ്റ്റൺ, സർഗവേദി ന്യൂയോർക്ക്, സാഹിതീസഖ്യം ന്യൂയോർക്ക്, സാഹിത്യവേദി ഫിലഡല്ഫിയ) പ്രധിനിധികളെയും ക്ഷണിച്ചുകൊണ്ട് ജൂൺ 14-ന് ഡാലസ്സിൽ



ഒരു സാഹിത്യസമ്മേളനം നടത്തി. അന്ന് നടന്ന മീറ്റിങ്ങിൽ ജോസഫ് നമ്പിമഠം തയ്യാറാക്കിയ ഭരണഘടന ചില നാമമാത്ര മാറ്റങ്ങൾ വരുത്തി അംഗീകരിക്കപ്പെട്ടുകൊണ്ട് കേരള ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേർക്ക (ലാന) അന്ന് ഔദ്യോഗികമായി രൂപം കൊണ്ടു. പ്രസിഡന്റ് ഡോ. എം.എസ്.ടി നമ്പൂതിരി, സെക്രട്ടറി ജോസഫ് നമ്പിമഠം, വൈസ്പ്രസിഡന്റുമാർ ജോൺ മാത്യു, മനോഹർ തോമസ്, ട്രഷറാർ സി.എം.സി, ജോയിന്റ് സെക്രട്ടറി അശോകൻ വേങ്ങശേരി എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ആഡ്ഹോക്ക് കമ്മറ്റിയിലുണ്ടായിരുന്ന മറ്റ് അംഗങ്ങളായ ഡോ. എം.വി. പിള്ള, ചെറിയാൻ കെ. ചെറിയാൻ, ജയൻ കെ.സി., എൽസി ശങ്കരത്തിൽ, നീന പനയ്ക്കൽ, ജോൺ ഇളമത എന്നിവർ ട്രസ്റ്റി ബോർഡ് അംഗങ്ങളായും നിശ്ചയിക്കപ്പെട്ടു.

ഉച്ചയ്ക്കുശേഷം നടത്തിയ സാഹിത്യ സമ്മേളനത്തിൽ "മലയാളഭാഷ എന്തുകൊണ്ടു പഠിക്കണം"--മനോഹർ തോമസ്, "അമേരിക്കയിൽ പത്രപ്രവർത്തനത്തിന്റെ ഭാവി"--രജനി ചീഫ് എഡിറ്റർ ചാക്കോ ശങ്കരത്തിൽ, "മഹാകവി കട്ടക്കയത്തിന്റെ സംഭാവനകൾ"--ഡോ. തോമസ് പി. തോമസ്, "അരുന്ധതിയുടെ നോവൽ ഗോഡ് ഓഫ് സ്മോൾ തിങ്ങ്സ്"-നമ്പിമഠം, "കാർട്ടൂൺ കല"--മനു മാത്യു "നോവൽ സാഹിത്യം"--മാത്യു നെല്ലിക്കുന്ന്, "ചെറുകഥകൾ"-ജോൺ മാത്യു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

1998 ജോസഫ് നമ്പിമഠത്തിന്റെ പേരിലും അഡ്രസ്സിലും ലാന റജിസ്റ്റർ ചെയ്ത് Assumed Name Certificate കരസ്ഥമാക്കി.

വടക്കെ അമേരിക്കയിലെ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ മലയാള സാഹിത്യത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ലാന ഡോ. അയ്യപ്പപ്പണിക്കർ പത്രാധിപരായും, ഡോ. എം.എം. ബഷീർ പ്രസാധകനുമായുള്ള കേരളകവിതയുമായി സഹകരിച്ച് 1998 ലെ കേരളകവിതയിൽ അമേരിക്കയിൽനിന്നുമുള്ള ചെറിയാൻ കെ. ചെറിയാൻ, ജോസഫ് നമ്പിമഠം, എം.എസ്.ടി. നമ്പൂതിരി, ജയൻ കെ.സി., മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി, ജോർജ്ജ് മുകളേൽ എന്നിവരുടെ കവിതകൾ ഉൾപ്പെടുത്തി. അമേരിക്കൻ മലയാളി എഴുത്തുകാരുടെ കൃതികൾ ഭാവി വാർഷികലക്കങ്ങളിലും ഉൾപ്പെടുത്താൻ കേരളകവിത സന്നദ്ധമായി. എട്ടാമത് ഫൊക്കാനയിൽ നോർത്ത് അമേരിക്കൻ മലയാളി എഴുത്തുകാരുടെ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പുരസ്കാരങ്ങൾ എർപ്പെടുത്തുന്നതിനും ലാനയ്ക്ക് കഴിഞ്ഞു.

1998 ൽ ഫോക്കാന സംഘടിപ്പിച്ച സാഹിത്യ ശില്പശാലയ്ക്ക് ലാന പ്രവർത്തകർ സജീവ നേതൃത്വം കൊടുത്തു. "ശൈലി, അവതരണം"--പ്രൊഫ. കെ.എം. തരകൻ, "ആവിഷ്കരണം --കഥയും നോവലും തമ്മിലുള്ള വ്യത്യാസങ്ങൾ"--സി. രാധാകൃഷ്ണൻ, "പുതിയ പ്രവണതകൾ"--പുതുശ്ശേരി രാമചന്ദ്രൻ, കഥാപാരായണം, കവിതാപാരായണം, എന്നിവയും ഇതിലെ മുഖ്യ ഇനങ്ങളായിരുന്നു. ഇവിടത്തെ എഴുത്തുകാരുടെ കൃതികൾ എന്തുകൊണ്ടാണ് മുഖ്യധാരയിൽ എത്താത്തത് എന്നതിനെ ആസ്പദമാക്കിയും ചർച്ചകൾ നടന്നു.

സ്വന്തമായി ദേശീയ സാഹിത്യ സമ്മേളനങ്ങൾ നടത്താൻ ബാല്യദശയിലായിരുന്ന ലാനയ്ക്ക് പ്രാപ്തിയില്ലായിരുന്നു. അതുകൊണ്ട് രണ്ടുവർഷം കൂടുമ്പോൾ നടത്തുന്ന ഫോക്കാന സമ്മേളനവുമായി ലാനയുടെ പ്രവർത്തനവർഷം ഒത്തുപോകേണ്ടിയിരുന്നതിനാൽ, '96 ൽ ഫോക്കാനായിൽ രൂപീകരിച്ച ആഡ്ഹോക്ക് കമ്മറ്റി മുതൽ 98 ഫോക്കാന വരെ കമ്മറ്റി കാലാവധിയായി പരിഗണിച്ച് പുതിയ കമ്മറ്റി രൂപപ്പെടുത്തുകയായിരുന്നു.

1998 പ്രസിഡന്റ് ജോസഫ് നമ്പിമഠം, സെക്രട്ടറി ചാക്കോ ശങ്കരത്തിൽ, റീജണൽ വൈസ്പ്രസിഡന്റുമാരായി ജോർജ്ജ് മണ്ണിക്കരോട്ട്, മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി, മനോഹർ തോമസ്, ട്രഷറർ അശോകൻ വേങ്ങശേരി, ജോയിന്റ് സെക്രട്ടറിമാരായി മനു മാത്യു ജോൺ ഇളമത, തമ്പി ആന്റണി എന്നിവരേയും ചുമതലപ്പെടുത്തി. പ്രസിദ്ധ നിരൂപകൻ ഡോ. എം.എം.